ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തക കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ദ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരൻമാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥല സൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ഇതിനായി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമായാൽ മാത്രമേ ഈ ബൃഹത് പദ്ധതിയുടെ പൂർത്തീകരണത്തെപ്പറ്റി സ്പഷ്ടമാക്കാൻ സാധിക്കുകയുള്ളൂ.

**മങ്കട മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ**

53 (4064) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതേതര ജനാധിപത്യം എന്ന വിഷയത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയുടെ രൂപീകരണവുമായി മങ്കട മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിൽപ്പെട്ട മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ മതേതര ജനാധിപത്യം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നുവെങ്കിലും ടി സ്കൂളിൽ സെമിനാർ ഇതുവരെയും നടത്തിയിട്ടില്ല.

(ബി) മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കടുങ്ങപുരം ജി.എച്ച്.എസ്.എസ്., മങ്കട പള്ളിപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

ജി.എച്ച്.എസ്.എസ്., ചെറിയം ജി.എച്ച്.എസ്.എസ്. മങ്കട ജി.എച്ച്.എസ്. എന്നീ സ്കൂളുകളെ യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയുടെ രൂപീകരണത്തിനായി തെരഞ്ഞെടുക്കുകയും ക്ലബ്ബ് രൂപീകരണ നിർദ്ദേശങ്ങളും ട്രെയിനിംഗും നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ മങ്കട പള്ളിപ്പുറം ജി.എച്ച്.എസ്.എസും മങ്കട ജി.എച്ച്.എസ്.എസും പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയതിനാൽ ടി സ്കൂളുകൾക്ക് ഫണ്ട് തുക അനുവദിച്ചിട്ടുണ്ട്.

**പാർലമെന്ററി സംവിധാനം**

54 (4065) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററികാര്യ വകുപ്പ് മുൻകയ്യെടുത്ത് കേരളത്തിൽ എന്തെല്ലാം പദ്ധതികളും പഠന പരിപാടികളും നടത്തിവരുന്നു;

(ബി) പാർലമെന്ററി സംവിധാനത്തെക്കുറിച്ച് ജനങ്ങളിൽ അറിവ് പകരുവാൻ തുടർച്ചയായ പഠന-പരിശീലന-പരസ്യ പ്രചാരണങ്ങൾക്ക് മുൻകൈ എടുക്കുമോ;

(സി) ഇന്ത്യയിലെ മികച്ച പാർലമെന്റേറിയൻമാരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരള പാർലമെന്ററികാര്യ വകുപ്പ് പുനഃസംഘടിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പാർലമെന്ററികാര്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗം എന്നിവയിൽ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കും യുവതലമുറയ്ക്കും നൽകുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ സെമിനാറുകളും ജനാധിപത്യ പാർലമെന്ററി സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(സി) തല്ക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly